# കാലാവസ്ഥാ മുന്നറിയിപ്പും കാർഷിക നിർദ്ദേശങ്ങളും

(പ്രാബല്യം: : 14.10.2023മുതൽ 18.10.2023വരെ)

## കണ്ണൂർജില്ല

കേരള കാർഷിക സർവ്വകലാശാല പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രം പിലിക്കോട്-ഉം ഇന്ത്യ കാലാവസ്ഥാ വകുപ്പും സംയുക്തമായി പുറത്തിറക്കുന്നത്

| ബുള്ളറ്റിൻനമ്പർ: പിലിക്കോട്/കെ.എൻ.ആർ- 82/2023 | തീയ്യതി: 13/10/2023 |
|---|---|

### എ.പിന്നിട്ട നാല് ദിവസത്തെ കാലാവസ്ഥ

| മഴ, മി.മീ | കൂടിയ താപനില, °C | കുറഞ്ഞ താപനില, °C | ആപേക്ഷിക ആർദ്രത, % | കാറ്റിന്റെ വേഗത, കി.മീ/മണിക്കൂർ |
|---|---|---|---|---|
| 2.0 | 32.3 – 33.8 | 25.4 – 26.0 | 83 – 92 | 00 - 04 |

### ബി.വരുന്നഅഞ്ച്ദിവസങ്ങളിലേക്കുള്ളകാലാവസ്ഥാ മുന്നറിയിപ്പ്


| സൂചിക | 14-10-2023 | 15-10-2023 | 16-10-2023 | 17-10-2023 | 18-10-2023 |
|---|---|---|---|---|---|
| ശരാശരിമഴ,മി.മീ | 0.1 | 0.1 | 2 | 2 | 1 |
| കൂടിയതാപനില, °C | 33 | 33 | 33 | 33 | 33 |
| കുറഞ്ഞതാപനില, °C | 25 | 25 | 25 | 25 | 25 |
| കൂടിയആപേക്ഷികആർദ്രത, % | 75 | 75 | 75 | 80 | 80 |
| കുറഞ്ഞആപേക്ഷികആർദ്രത, % | 85 | 85 | 85 | 90 | 90 |
| കാറ്റിന്റെവേഗത, കി.മീ/മണിക്കൂർ | 6 | 6 | 6 | 6 | 6 |
| കാറ്റിന്റെദിശ, ഡിഗ്രി | 230 | 230 | 230 | 230 | 230 |
| മേഘവിന്യാസം, ഒക്ടാ | 7 | 6 | 7 | 8 | 8 |

### സി. കാർഷിക നിർദ്ദേശങ്ങൾ

| വിള | ഘട്ടം | പ്രശ്നങ്ങൾ | കാർഷികനിർദ്ദേശങ്ങൾ |
|---|---|---|---|
| **പൊതുനിർദ്ദേശങ്ങൾ** | **ശക്തികുറഞ്ഞ മഴ** ** | | |
| | ആകാശം ഭാഗികമായി മേഘാവൃതമായിരിക്കും. പകൽസമയങ്ങളിൽ കൂടിയ ഊഷ്മാവും രാത്രികളിൽ കുറഞ്ഞ താപ നിലിയും അനുഭവപ്പെടും. ഉയർന്ന അന്തരീക്ഷ ആർദ്രതയും അനുഭവപ്പെടും.<br>ഒക്ടോബർ 16 ന് (ഇരുപത്തിനാലു മണിക്കൂറിൽ 115.5മില്ലി വരെ) ഒറ്റപ്പെട്ട ശക്തമായ മഴയ്ക്ക് സാധ്യതയുണ്ട്.<br>ഒക്ടോബർ13,14,15,17 നും വരെ ശക്തികുറഞ്ഞ മഴ(ഇരുപത്തിനാലുമണിക്കൂറിൽ 2.5 മില്ലിമുതൽ 15.5 മില്ലിവരെ) ലഭിക്കും. | | |

| | | | |
|---|---|---|---|
| **<u>പൊതുനിർദ്ദേശങ്ങൾ</u>** | തെങ്ങ്, ഇഞ്ചി , വാഴ എന്നീ വിളകൾക്ക് ചീച്ചൽ, വാട്ടം എന്നീ രോഗങ്ങൾ പടരുന്ന സാഹചര്യമാണ്. വ്യത്യസ്ത വിളകൾക്ക് താഴെ പറഞ്ഞത് പ്രകാരമുള്ള നിയന്ത്രണ മാർഗ്ഗങ്ങൾ അവലംബിക്കുക.<br>വീണുകിടക്കുന്ന തേങ്ങാ, അടക്ക എന്നിവ പൂർണമായും നീക്കം ചെയ്യുക. രോഗം വന്നു നശിച്ച മരങ്ങൾ പൂർണമായും മുറിച്ചുമാറ്റി തീയിട്ടു നശിപ്പിക്കണം.<br>വാഴ പോലുള്ള മൃദുകാണ്ഡവും എളുപ്പത്തിൽ മറിഞ്ഞു വീഴുന്നതുമായ വിളകൾക്ക് താങ്ങുകൾ നൽകി സംരക്ഷിക്കും<br>വിത്ത്, റബ്ബർ, കശുവണ്ടി, മഞ്ഞൾ, കൊപ്ര, വളം എന്നിവ സുരക്ഷിതമാക്കി സൂക്ഷിക്കുക. | | |
| ശീത കാല പച്ചക്കറികൾ | നിലം നന്നായി ഉഴുതെടുക്കുക. മണ്ണ് പരിശോധിച്ചതിനു ശേഷം ആവശ്യമായ അളവിൽ കുമ്മായം/ഡോളമേയ്റ്റ് ചേർത്ത് കൊടുക്കണം. ഇത് മണ്ണിലെ അമ്ലത്വം ലഘൂകരിക്കുന്നതിനു പുറമെ മണ്ണ് ജന്യ രോഗങ്ങളെയും കീടങ്ങളെയും നിയന്ത്രിക്കുന്നതിന് സഹായകരമാകും. | | |
| തെങ്ങ് | വിവിധ ഘട്ടം | കൂമ്പു ചീയൽ<br> | ഉണ്ടായാൽ പ്രാരംഭ ഘട്ടത്തിൽ തന്നെ രോഗം ബാധിച്ച ഭാഗങ്ങൾ ചെത്തിമാറ്റി നശിപ്പിക്കുകയും മുറിവിൽ ബോഡോ കുഴമ്പു പുരട്ടുകയും ചെയ്യുക. തുടർന്ന് പുതുനാമ്പു വരുന്നത് വരെ കൂമ്പിനെ ഒരു പ്ലാസ്റ്റിക് കടലാസുപയോഗിച്ചു പൊതിഞ്ഞു മഴ വെള്ളം ഇറങ്ങാതെ സംരക്ഷിക്കുക.<br>സമീപത്തുള്ള തെങ്ങുകളുടെ കുരുത്തോലക്കും ചുറ്റുമുള്ള ഒലക്കവിളുകളിലും ഒരു ശതമാനം വീര്യമുള്ള ബോഡോ മിശ്രിതം തളിക്കുക.<br>ദുർബല മേഖലകളിൽ, തെങ്ങുകളുടെ പ്രതിരോധ ശേഷി ഉയർത്താൻ സൂക്ഷ്മ മൂലകങ്ങൾ ഉൾപ്പെടുന്ന സമഗ്ര പോഷക മൂലക പരിപാലനം ഉണ്ടായിരിക്കണം. |
| തെങ്ങ് | വിവിധ ഘട്ടം | കൊമ്പൻ ചെല്ലി<br><br>ഉയരം കുറഞ്ഞ തെങ്ങുകൾ പൊതുവെ കൂടുതൽ ആക്രമണ വിധേയരാണ് | തെങ്ങിന്റെ അഗ്രഭാഗത്തുനിന്നും ചെല്ലിക്കോൽ ഉപയോഗിച്ച് വണ്ടുകളെ കുത്തിയെടുത്ത് നശിപ്പിക്കുക. ബോർഡോ കുഴമ്പ് കൊണ്ട് വണ്ടുകൾ തുരന്ന ദ്വാരം നിറക്കുന്നത് മുറിവിൽ കൂടി ഉണ്ടായേക്കാവുന്ന പൂപ്പൽ ബാധയെ തടയാൻ സഹായിക്കും.<br>ഉപയോഗ സൂന്യമായ മീൻ വലകൾ ഒരു മീറ്റർ നീളത്തിലും അര മീറ്റർ വീതിയിലും മുറിച്ചെടുത്തു തെങ്ങിൻറെ മൂന്നാമത്തെയും നാലാമത്തെയും ഒലക്കവിളുകളിൽ വിരിച്ചു നടുഭാഗത്തു ചെറുകല്ലുകൾ വച്ച് ഉൾഭാഗത്തേക്കു തള്ളി അമർത്തി വെക്കുക. ഓലത്തണ്ടിന്റെ രണ്ടു ഭാഗത്തേക്കും പുറത്തേക്കു തൂങ്ങി നിൽക്കുന്ന വലയുടെ വശങ്ങൾ നന്നായി വിടർന്നിരിക്കണം. പാറിവരുന്ന വണ്ടുകൾ കാലുകൾ വലയിൽ കുടുങ്ങി സഞ്ചരിക്കാൻ പറ്റാതെ നശിച്ചു പോകും, പുതു ഓലകൾ വിടരുന്നതിനനുസരിച് വല മുകളിലോട്ട് മാറ്റി മാറ്റി വെക്കുവാൻ ശ്രദ്ധിക്കുക. |

| | | | |
|---|---|---|---|
| തെങ്ങ് | വിവിധ ഘട്ടം | മഞ്ഞളിപ്പ്<br> | തെങ്ങൊന്നിന് 1 കിലോ കുമ്മായം + 1 കിലോ ഡോളോമൈറ്റ് ചേർക്കുക.<br>രണ്ടാഴ്ച കഴിഞ്ഞു തെങ്ങൊന്നിന് തടത്തിൽ 200ഗ്രാം ബോറാക്സ്, 500ഗ്രാം മഗ്നീഷ്യം സൾഫേറ്റ്, 100ഗ്രാം സിങ്ക് സൾഫേറ്റ് എന്നിവ ചേർത്ത് മണ്ണുമായി യോജിപ്പിക്കുക. കൂടാതെ തെങ്ങൊന്നിന് രണ്ടു കിലോ വീതം പൊട്ടാഷും ചേർക്കുക. |
| കുരുമുളക് | വിവിധ ഘട്ടം | ചീച്ചൽ രോഗം<br> | മുൻകരുതലായി ട്രൈക്കോഡർമ സമ്പുഷ്ടമാക്കിയ വേപ്പിൻ പിണ്ണാക്ക്-ചാണക മിശ്രിതം 150 ഗ്രാം വീതം തടത്തിൽ വിതറി മണ്ണുമായി ചേർത്തിളക്കുക.<br>രോഗ ലക്ഷണങ്ങൾ കണ്ടു തുടങ്ങിയാൽ റെഡോമിൽ രണ്ടു ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ കലർത്തി തടത്തിലെ മണ്ണ് കുതിർക്കുക.<br>ഇലകളിൽ ചീച്ചൽ കാണുകയാണെങ്കിൽ ഇതേ മിശ്രിതം ഇലകളിലും തണ്ടിലും തളിക്കുക. |
| വാഴ | വിവിധ ഘട്ടം | ഇലപ്പുള്ളി രോഗം<br> | തടത്തിൽ വെള്ളം കെട്ടിനിൽക്കാതിരിക്കാൻ വേണ്ടുന്ന നടപടികൾ സ്വീകരിക്കുക. മുൻകരുതലായി സ്യൂഡോമോണസ് ലായനി (20 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ തയ്യാറാക്കിയത്) രണ്ടാഴ്ചയിടവേളകളിൽ തളിക്കുക<br>രോഗം ബാധിച്ചാൽ:- രോഗം ബാധിച്ച ഇലകൾ വെട്ടി മാറ്റി തീയിട്ടു നശിപ്പിക്കുക. കാർബൻഡാസിം അല്ലെങ്കിൽ മാങ്കോസബ് ഇവ രണ്ടാഴ്ച ഇടവേളയിൽ മാറി മാറി 2 മില്ലി. ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ കലർത്തി തളിക്കുക |
| കശുമാവ് | കായ്ക്കുന്നതിനു മുൻപുള്ള ഘട്ടം | തേയില കൊതുക്<br> | ഒരു ശതമാനം വീര്യമുള്ള ബോർഡോ മിശ്രിതത്തിൽ ഒരു ലിറ്ററിൽ 2 മില്ലി വീതം ക്വിനാൽഫോസ് ചേർത്ത് തളിക്കുക. |
| ഇഞ്ചി, | വിവിധ ഘട്ടം | ഇല വാട്ടം<br> | കാർബെണ്ടാസിം (2 ഗ്രാം ഒരുലിറ്റർ വെള്ളത്തിൽ) തളിക്കുക. |

| | | | |
|---|---|---|---|
| കോഴി | വിവിധ ഘട്ടം | ന്യൂകാസിൽ രോഗം<br> | ന്യൂകാസിൽ രോഗം അല്ലെങ്കിൽ റാണിഖേത് രോഗം ഒരു പാരാ-മൈക്സോ വൈറസ് മൂലമുണ്ടാകുന്ന പക്ഷികളിൽ മാത്രം കണ്ടുവരുന്ന പകർച്ചവ്യാധിയാണ്. ഈ അണുബാധയുടെ ഫലമായി ശ്വാസംമുട്ടലും ചുമയും, ചിറകുകൾ തൂങ്ങിക്കിടക്കുന്നതും, കാലുകൾ വലിച്ചുനടക്കുന്നതും, തലയും കഴുത്തും വളച്ചൊടിക്കുക, വട്ടത്തിൽ നടക്കുക, വിശപ്പില്ലായ്മ, പൂർണ്ണമായ തളർവാതം. **പ്രതിരോധം:** പക്ഷികൾക്കും കോഴിക്കൂടുകൾക്കും പൂർണ്ണമായ ശുചിത്വം ഉറപ്പാക്കുക. ഇൻട്രാനാസലിയോ ഇൻട്രാക്യുലർ ആയോ കുടിവെള്ളത്തിൽ നൽകുന്ന ലൈവ് ബി1, ലാ സോട്ട എന്നിവയുടെ പ്രതിരോധ കുത്തിവയ്പ്പുകൾ നൽകുക. |
| ആട് | വിവിധ ഘട്ടം | വയറിളക്കം | ശരീരത്തിലെ ധാതു-ജല നഷ്ട്ടം ഒഴിവാക്കാൻ എത്രയും പെട്ടന്ന് അടുത്തുള്ള മൃഗ ഡോക്ടറുടെ മേൽ നോട്ടത്തിൽ " റിംഗെർ ലാക്റ്റട് " പോലുള്ള ലവണ മിശ്രിതങ്ങൾ നൽകുക. |

**മഴ അപായവർണ്ണ സൂചന (ദുരന്തനിവാരണത്തിനായ്)

| | | | |
|---|---|---|---|
| താക്കീത് (ഉടൻനടപടിയെടുക്കുക) | ജാഗ്രത (തയ്യാറാവുക) | ശ്രദ്ധ (കാതോർക്കുക) | നിസ്സാരം (നടപടികൾആവശ്യമില്ല) |

ഒപ്പ്/-
നോഡൽ ഓഫീസർ
ഗ്രാമീണ കൃഷികാലാവസ്ഥസേവപദ്ധതി